# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 768 | 29.10.2019 -ൽ മറുപടിയ്ക്ക്

## കോവളത്തെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) ലോക ടൂറിസം ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനമുള്ള കോവളത്ത് സീസൺ ആരംഭിച്ച ശേഷവും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതു മൂലം ടൂറിസ്റ്റുകൾ ബുദ്ധിമുട്ടുന്നുവെന്നത് വസ്തുതയല്ലേ;<br><br>ബി) കോവളത്ത് ഇരുപത് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;<br><br>സി) ശേഷിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഇവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | എ)<br>&<br>ബി)<br>&<br>സി) | അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകി വരുന്നു. അടിസ്ഥാന ആവശ്യങ്ങളായ വെള്ളം, ലൈറ്റിംഗ് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി മുഖേന 14 കോടിയുടെ വാട്ടർ സപ്ലൈപദ്ധതി പൂർത്തീകരണഘട്ടത്തിലാണ്. കൂടാതെ കോവളം ബീച്ച് മേഖലയിലെ പ്രകാശ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി 1,24,62,791/- ( ഒരു കോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തി രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി ഒന്നു രൂപ മാത്രം) രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കെൽട്രോൺ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നീ ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളത്. കൂടാതെ വിനോദ സഞ്ചാരികൾക്കായി ബാത്ത്റൂം, ടോയ്‌ലറ്റ് സൗകര്യങ്ങൾ സുരക്ഷാ സംവിധാനങ്ങൾ , സി.സി റ്റി.വി സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കോവളത്ത് ടൂറിസ്റ്റുകൾക്ക് നിലവിലുള്ള സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് ഓഫ് കോവളം ഫേസ് -1 സമുദ്ര പാർക്ക് ഏരിയ ആന്റ് ഗ്രോവ് ബീച്ച് ഏരിയ |

എന്ന പദ്ധതിക്ക് 9,90,00,000/- (ഒൻപതു കോടി തൊണ്ണൂറ് ലക്ഷം രൂപാ മാത്രം) രൂപയുടേയും ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് ഓഫ് കോവളം ഫേസ് -II ഈവ് ബീച്ച് ടു ലൈറ്റ് ഹൗസ് ബീച്ച് പദ്ധതിക്ക് 9,95,00,000/- ( ഒൻപതു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ നിർമ്മാണ പ്രവത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ